"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2400/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/10/2019**

---

പരാമർശം:- 1 സ.ഉ (പി)നം. 102/17/ധന തീയതി 07/08/2017.

2 ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30.01.2018, 24.01.2019 എന്നീ തീയതികളിലെ എസ്.സി1/101/2017 നമ്പർ കത്തുകൾ

3 പഞ്ചായത്ത് ഡയറക്ടറുടെ 02.05.2018,08.05.2019 എന്നീ തീയതികളിലെ സി1/12153/2018 നമ്പർ കത്തുകൾ

4 പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21.01.2019ലെ എ4-273/06 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിലെ ചെറുവത്തൂർ വില്ലേജിലെ 423/1,423/4, 424/1, 424/4 എന്നീ റീ സർവ്വേകളിൽ ഉൾപ്പെട്ട ചെറുവത്തൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കം ചെന്ന് ഉപയോഗ ശൂന്യമായ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോപ് ളക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതു സംബന്ധിച്ച് പരാമർശം 2ലെ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പ്രപ്പോസൽ പരാമർശം 3ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2. കാസർഗോഡ് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാമർശം 4 പ്രകാരമുള്ള സർവ്വെ റിപ്പോർട്ട് പ്രകാരം ടി കെട്ടിടത്തിന്റെ ബുക്ക് വാല്യൂ 5,73,498/ രൂപയും അസസ്സ് വാല്യൂ 2,62,156/ - രൂപയുമാണന്ന് അറിയിച്ചിട്ടുണ്ട്.കെട്ടിടം പൊളിച്ചു മാറ്റുന്നതിന് ആവശ്യമായ അധിക തുക തനത് ഫണ്ടിൽ കണ്ടെത്തുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 11.06.2019ലെ യോഗത്തിലെ 2/1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം 4) പ്രകാരം ലഭ്യമാക്കിയ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോപ്ലക്സ് കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചെറുവത്തൂർ ഗ്രാമ പഞ്ചായത്ത്, കാസർഗോഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം), കാസറഗോഡ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ